**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3966** **27-10-2021 - ൽ മറുപടിയ്ക്ക്**

**വിവാഹധൂർത്തും ആർഭാടവും തടയുന്നതിന് നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വർദ്ധിച്ചുവരുന്ന വിവാഹ ധൂർത്തും ആർഭാടവും തടയുന്നത് സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷനോട് ശിപാർശകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നോ എന്ന് വിശദമാക്കാമോ; | (എ) | (എ), (ബി), (സി) & (ഡി); വിവാഹ ധൂർത്തും ആർഭാടവും സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാതങ്ങൾ കേരള വനിത കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് കേരള വനിത കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശകൾ പരിശോധിച്ചു വരുന്നു. |
| (ബി) | വിവാഹ ധൂർത്തും ആർഭാടവും സംബന്ധിച്ച സാമൂഹിക പ്രത്യാഘാതങ്ങൾ വനിതാ കമ്മീഷൻ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | (എ), (ബി), (സി) & (ഡി); വിവാഹ ധൂർത്തും ആർഭാടവും സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാതങ്ങൾ കേരള വനിത കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് കേരള വനിത കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശകൾ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | (എ), (ബി), (സി) & (ഡി); വിവാഹ ധൂർത്തും ആർഭാടവും സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാതങ്ങൾ കേരള വനിത കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് കേരള വനിത കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശകൾ പരിശോധിച്ചു വരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നിയമനിർമ്മണത്തിനുള്ള സാധ്യതകൾ പരിശോധിക്കുമോ; വിശദമാക്കാമോ; | (ഡി) | (എ), (ബി), (സി) & (ഡി); വിവാഹ ധൂർത്തും ആർഭാടവും സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാതങ്ങൾ കേരള വനിത കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് കേരള വനിത കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശകൾ പരിശോധിച്ചു വരുന്നു. |
| (ഇ) | വിവാഹ ധൂർത്തും ആർഭാടവും സൃഷ്ടിക്കുന്ന | (ഇ) | ഇ) വിവാഹ ധൂർത്ത്, ആർഭാടവിവാഹം, സ്ത്രീധനം |

| | |
|---|---|
| സാമൂഹിക പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്കരണ പ്രവർത്തനങ്ങൾ അച്ചടി, ദൃശ്യ ശ്രാവ്യ ഓൺലൈൻ, സോഷ്യൽ മാധ്യമങ്ങളിലൂടെ വനിതാ കമ്മീഷൻ നടത്തി വരുന്നു. പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രചാരണം. എൻഡ് ഡൗറി, സകുടുംബം സ്ത്രീധനത്തിനെതിരെ എന്നീ രണ്ട് ക്യാംപെയ്നുകളും കമ്മീഷൻ നടത്തുന്നു. സോഷ്യൽ മീഡിയയിലൂടെ ഓൺലൈനായി സ്ത്രീധന വിരുദ്ധ പ്രതിജ്ഞ എടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) എന്നിവ അച്ചടിച്ച് സൗജന്യമായി കമ്മീഷൻ അദാലത്തുകളിൽ പങ്കെടുക്കാനെത്തുന്നവർക്കും മറ്റു പൊതുജനങ്ങൾക്കും വിതരണം ചെയ്തുവരുന്നു. വനിതാ കമ്മീഷന്റെ തനത് ബോധവത്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ കൗൺസിലിംഗ്, കലാലയജ്യോതി എന്നിവ വഴിയും, സ്ത്രീധനത്തിനെതിരെയും, സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും നിരന്തരം ക്ലാസുകൾ ഓൺലൈനായടക്കം ചെയ്തുവരുന്നു. ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും, പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശുവികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ലിംഗസമത്വം, ലിംഗനീതി, സ്ത്രീസുരക്ഷാ നിയമങ്ങൾ, സ്ത്രീധനത്തിനും വിവാഹധൂർത്തിനും സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കും എതിരായ അവബോധസൃഷ്ടി മുതലായ കാര്യങ്ങൾ കരിക്കുലത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ